## സൗഖ്യമാക്കുന്ന—വിശ്വസിക്കുക & സ്പർശിക്കുക

### I. അവന്റെ വസ്ത്രത്തിന്റെ വിളുമ്പ്—സ്വർഗീയമായി-ഭരിക്കപ്പെടുന്ന പ്രവൃത്തികളുള്ളവനായി ക്രിസ്തു വെളിവാക്കപ്പെടുന്നു

**നമ്മുടെ മനുഷ്യത്വത്തിലുള്ള ജീവന്റെ ചോർച്ചയുടെ പ്രശനത്തിനുള്ള പരിഹാരം അവനെ സ്പർശിക്കുന്നതാണ്**

- ക്രിസ്തുവിന്റെ വസ്ത്രം അവന്റെ നീതിയുള്ള പ്രവൃത്തികളെ സൂചിപ്പിക്കുകയും, വിളുമ്പ് സ്വർഗീയ ഭരണത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു
- നമ്മുടെ പ്രശനത്തിന് സൗഖ്യം ലഭിക്കുവാൻ, ക്രിസ്തുവിന്റെ മനുഷ്യത്വത്തിലുള്ള തികഞ്ഞ പെരുമാറ്റത്തെ, അവന്റെ സ്വർഗീയമായി ഭരിക്കപ്പെടുന്ന പ്രവൃത്തികളിൽനിന്ന് പുറപ്പെട്ടുവരുന്ന സൗഖ്യമാക്കുന്ന ശക്തിയായിത്തീരുന്ന നന്മയെ നാം സ്പർശിക്കണം
- ദൈവം ദേഹരൂപമായിരിക്കുന്ന അവന്റെ മനുഷ്യത്വത്തെ സ്പർശിക്കുന്നതിലൂടെ, അവന്റെ ദിവ്യ ശക്തി അവന്റെ മനുഷ്യത്വത്തിന്റെ തികവിലൂടെ നമ്മിലേക്ക് നിവേശി പ്പിക്കപ്പെടുകയും, അത് നമ്മുടെ സൗഖ്യമായിത്തീരുകയും ചെയ്യുന്നു
- ഞെരുക്കുന്ന ജനക്കൂട്ടം അടിമ-രക്ഷകനിൽനിന്ന് ഒന്നും സ്വീകരിച്ചില്ല, എന്നാൽ അവനെ സ്പർശിച്ചവൾ സ്വീകരിച്ചു

## മേയ്പ്പ്—അനുഭവമാക്കുക & ആസ്വദിക്കുക

### II. കർത്താവ് ഇടയനും, നാം അവന്റെ ആടുകളും ആണ്

**ക്രിസ്തുവിന്റെ മേയ്പ്പിന്റെ അഞ്ച് ഘട്ടങ്ങൾ:**

- **ഒന്നാമത്തെ ഘട്ടം[പോഷണം]**—പച്ചയായ പുൽപ്പുറമെന്ന നിലയിൽ ക്രിസ്തുവിന്റെയും സ്വസ്ഥതയുള്ള വെള്ളമെന്ന നിലയിൽ ആത്മാവിന്റെയും ആസ്വാദനത്താൽ അവൻ നമ്മെ മേയ്ക്കുന്നു
- **രണ്ടാമത്തെ ഘട്ടം[നമ്മുടെ നടപ്പ്]**—നീതിപാതകളിൽ അവൻ നമ്മെ ഉണർവിനാലും രൂപാന്തരത്താലും മേയ്ക്കുന്നു
- **മൂന്നാമത്തെ ഘട്ടം[അവന്റെ സാന്നിധ്യം]**—മരണനിഴലിന്റെ താഴ്‌വരയിലൂടെ നടക്കുമ്പോൾ അവൻ നമ്മെ ഉയിർത്തെഴുന്നേറ്റ ശ്വാസക്രിസ്തുവിന്റെ സാന്നിധ്യത്തിന്റെ അനുഭവത്താൽ മേയ്ക്കുന്നു
- **നാലാമത്തെ ഘട്ടം[പോരാട്ടം]**—നമ്മുടെ എതിരാളികളുടെ സാന്നിധ്യത്തിൽ കർത്താവ് നമുക്കു മുമ്പിൽ ഒരു മേശ വിരിക്കുകയും (പുത്രൻ), നമ്മുടെ തലയെ അവൻ എണ്ണകൊണ്ട് അഭിഷേകം ചെയ്യുകയും (ആത്മാവ്), നമ്മുടെ പാനപാത്രം കവിഞ്ഞൊഴുകുകയും (പിതാവ്) ചെയ്തുകൊണ്ട്, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആഴമേറിയതും ഉന്നതവുമായ ആസ്വാദനത്താൽ അവൻ നമ്മെ മേയ്ക്കുന്നു
- **അഞ്ചാമത്തെ ഘട്ടം[ദൈവ ഭവനം]**—യഹോവയുടെ ഭവനത്തിൽ ദിവ്യ നന്മയുടെയും കരുണയുടെയും ആയുഷ്കാല ആസ്വാദനത്താൽ അവൻ നമ്മെ മേയിക്കുന്നു
  - നന്മ ക്രിസ്തുവിന്റെ കൃപയെ സൂചിപ്പിക്കുകയും, കരുണ പിതാവിന്റെ സ്നേഹത്തെ പരാമർശിക്കുകയും, പിന്തുടരുന്നത് ആത്മാവിന്റെ കൂട്ടായ്മയെ വിവക്ഷിക്കുകയും ചെയ്യുന്നു; അങ്ങനെ, ത്രിയേക ദൈവം നമ്മോടുകൂടെ ജീവിതത്തിന്റെ എല്ലാ ദിവസവും നമ്മെ പിന്തുടരുന്നു

## വിശ്രമിക്കുക—വരിക & എടുക്കുക

### III. കർത്താവായ യേശു നമ്മുടെ വിശ്രമമാണ്

- **അടുക്കൽ വരിക**
  - അധ്വാനം എന്നത് ന്യായപ്രമാണത്തിന്റെയോ മതത്തിന്റെയോ കീഴിലുള്ളതോ, ഏതെങ്കിലും വേലയുടെയോ ചുമതലയുടെയോ കീഴിലുള്ളതോ ആയ തീവ്രയത്നം നടത്തുന്നതിന്റെ അധ്വാനമാണ് അധ്വാനിക്കുന്നവൻ എപ്പോഴും വളരെയധികം ഭാരം ചുമക്കുന്നു.
  - വിശ്രമം തികഞ്ഞ സമാധാനത്തെയും പൂർണ സംതൃപ്തിയെയും സൂചിപ്പിക്കുന്നു.
- **നുകം എടുക്കുക**
  - കർത്താവിന്റെ നുകം എടുക്കുന്നത് പിതാവിന്റെ ഹിതം എടുക്കുന്നതാണ്; അങ്ങനെയുള്ള ഒരു ജീവിതം നയിച്ച കർത്താവിൽ നിന്നും നാം പഠിക്കണം
  - അവനിൽനിന്ന് പഠിക്കുകയെന്നാൽ അവനെ ബാഹ്യമായി അനുകരിക്കുക എന്നല്ല, മറിച്ച് നമ്മുടെ ആത്മാവിൽ കർത്താവിനെ പകർത്തുക എന്നാണ്.
  - കർത്താവിന്റെ നുകം പിതാവിന്റെ ഹിതവും, അവന്റെ ഭാരം പിതാവിന്റെ ഹിതം നടപ്പാക്കുന്നതായ വേലയും ആണ്; അങ്ങനെയുള്ള ഒരു നുകം എളുപ്പമാണ്, അങ്ങനെയുള്ള ഭാരം ലഘുവാണ്, ഘനമേയറിയതല്ല

## വളരുക—അവസ്ഥ & സഹായം നൽകുക

### V. വിതയ്ക്കുന്നവൻ കർത്താവായ യേശു എന്ന അത്ഭുതവാനായ വ്യക്തിയാണ്, വിതയ്ക്കപ്പെട്ട വിത്ത് ത്രിയേക ദൈവത്തിന്റെ ദേഹരൂപമായ കർത്താവു തന്നെയാണ്

**വളർച്ചയും കെട്ടുപണിയും**

- വിത്ത് വിതയ്ക്കുന്നവന്റെ ദർശനം കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ ഹൃദയമാണ്
- അവനെത്തന്നെ നമ്മുടെ മൂലകമാക്കുന്നതിനും നമ്മെ അവന്റെ ആവിഷ്കാരമാക്കുന്നതിനും വേണ്ടി, ഇഴുകിച്ചേരലിന്റെ മാർഗത്തിൽ നമ്മുടെ ജീവനാകുവാൻ നമ്മിലേക്ക് വരുവാൻ അവൻ ആഗ്രഹിക്കുന്നു.
- ഈ വിത്തിന്റെ വളർച്ചയാണ് കെട്ടുപണി
- തന്നെത്തന്നെ മൂലകമായും, നമ്മിൽനിന്നുള്ള ചിലതിനെ സാമഗ്രിയായും ഉപയോഗിച്ചുകൊണ്ട് ഒരു കെട്ടുപണിയുടെ വേല ചെയ്യുവാൻ ത്രിയേക ദൈവം നമ്മിലേക്ക് വന്നിരിക്കുന്നു
  - നമ്മുടെ ഹൃദയം മണ്ണും, കർത്താവ് ജീവന്റെ വിത്തുമാണ്. വിളവ് വിത്തിൽനിന്നും മണ്ണിൽനിന്നുമുള്ള മൂലകങ്ങളുടെ ഒരു സംരചനയാണ്
  - നാം ജീവനിൽ വളരുന്ന അളവ് ദിവ്യ വിത്തിനെയല്ല, മറിച്ച് ഈ വിത്തിന് നാം എത്രത്തോളം പോഷകങ്ങൾ നൽകുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു; അതിനായ് നാം ദേഹിയിൽ തുടരാതെ ആത്മാവിനെ വ്യായാമം ചെയ്യണം
  - നാം പൂർണ്ണമായി കർത്താവിന് തുറക്കുകയും നമ്മുടെ ഹൃദയത്തോട് സമഗ്രമായി ഇടപെടുവാൻ അവനുമായി സഹകരിക്കുകയും വേണം. അപ്പോൾ, നമ്മിൽ അവന്റെ ഭവനത്തിന്റെ കെട്ടുപണി നിർവഹിക്കപ്പെടും